(ബി) പ്രസ്തുത സംഘത്തിനു മുമ്പും ടിയാന്റെ മറ്റു അക്രമപ്രവൃത്തികളെപ്പറ്റിയും ഗവണ്മെന്റിലേക്കു പരാതി ലഭിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ ഈ ഇൻസ്പെക്ടരുടെ പേരിൽ ഗവണ്മെന്റു് എന്തു നടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉവ്വു്.

(ബി) ഉവ്വു്, രണ്ടു പരാതികൾ

(സി) കാളേജു വിദ്യാർത്ഥിയെ മർദ്ദിച്ചു എന്ന പരാതിയെ സംബന്ധിച്ചുള്ള റിപ്പോർട്ട് ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്. കുറ്റക്കാരനെന്നുകണ്ടാൽ മാതൃകാപരമായി ശിക്ഷിക്കുന്നതാണു്. ഉപചോദ്യം ബി യിൽ പറയുന്ന പരാതികൾ അന്വേഷണത്തിൽ തെളിഞ്ഞിട്ടില്ല. എങ്കിലും മേലാൽ പരാതിക്കു് ഇടകൊടുക്കരുതെന്നു സബ് ഇൻസ്പെക്ടർക്കു് നിർദ്ദേശം നൽകിയിട്ടുണ്ടു്.

വിതരണംചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾ

*ക ൦ കസ. (ന ര) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഏതെല്ലാം ഭക്ഷ്യപദാർത്ഥങ്ങളാണു് റേഷൻകാർഡുപ്രകാരം ഇപ്പോൾ വിതരണം ചെയ്യുവരുന്നതു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

റേഷൻ കാർഡുപ്രകാരം ഇപ്പോൾ വിതരണം ചെയ്യുവരുന്ന ഭക്ഷ്യപദാർത്ഥങ്ങൾ അരി, ഗോതമ്പു്, പഞ്ചസാര ഇവയാണു്.

PROCUREMENT SYSTEM

1014. [66] **Sri. N. V. Chacko:** Will the Hon'ble the Chief Minister be pleased to state:

(*a*) whether a memorandum has been submitted to the Chief Minister by Messrs. T. P. Mathai and V. M. Thomas on behalf of the Vazhakulam Karshaka Vyavasaya Sangham about the discontent and dissatisfaction of the Agriculturists about the harassing methods and corrupt methods of the subordinate officials of the procurement department and about the system of procurement;

(*b*) whether the Government have been pleased to consider the grievances mentioned in the momorandum?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Yes.

Questions posted for answer on 9—3—1951

കൃഷിച്ചിലവിനുള്ള നെല്ലു്

*ക ൦ കള. (ന) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) മൺരൂ൦ അവസാനംവരെ തിരുവിതാംകൂർ പ്രദേശത്തു കർഷകർക്കു് കൃഷിച്ചിലവിനും, ഗാർഹാവശ്യത്തിനും എത്ര പറ നെല്ലുവീതമാണു് കൊടുത്തുവന്നിരുന്നതു്;

(ബി) കുട്ടനാട്ടു കർഷകർക്കു് ഈ വിഷയത്തിൽ വല്ല പ്രത്യേക സൗജന്യവും ചെയ്തുകൊടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly